സി1/7121/റ്റിസി/2016

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 30-03-2016

## സർക്കുലർ നം. 09/2016

വിഷയം: മോട്ടോർ വാഹന വകുപ്പ്-ഇരുചക്ര വാഹനങ്ങൾ വില്പന നടത്തുമ്പോൾ ഹെൽമെറ്റ് നൽകുന്നത് സംബന്ധിച്ച്

സൂചന:

കേരളത്തിൽ ഇരുചക്ര വാഹനങ്ങൾ മൂലമുണ്ടാകുന്ന അപകടങ്ങളും, മരണങ്ങളും വർഷം തോറും വളരെയധികം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽ പെട്ടിരിക്കുന്നു. ഇത്തരം അപകടങ്ങൾക്ക് കാരണം ഇരുചക്ര വാഹനം ഓടിക്കുന്നവർ ഹെൽമറ്റ് ധരിക്കാത്തത് മൂലമാണെന്ന് വ്യക്തമായിരിക്കുന്നു.

കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ 129-)0 വകുപ്പ് പ്രകാരം ഇരുചക്ര വാഹനം ഓടിക്കുന്നവർ നിർബന്ധമായും ഹെൽമറ്റ് ധരിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 2003 നാരായണൻ നായർ **Vs** സ്റ്റേറ്റ് ഓഫ് കേരള എന്ന കേസിലെ വിധിയിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 138(എഫ്) പ്രകാരം ഇരുചക്ര വാഹനം വിൽക്കുന്ന സമയം വാഹന നിർമ്മാതാവ് വാഹനത്തോടൊപ്പം ഐഎസ് ഐ സ്റ്റാൻഡേർഡ് ഉള്ള ഹെൽമറ്റും കൂടി നിർബന്ധമായും നൽകിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കേരളത്തിൽ വാഹന നിർമ്മാതാക്കൾ പ്രസ്തുത ചട്ടം പാലിച്ചു വരുന്നതായി കാണുന്നില്ല. ഇതും വാഹന അപകടങ്ങളും, മരണ നിരക്കും വർദ്ധിക്കുന്നതിന് കാരണമാകുന്നു. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട സുപ്രീം കോടതി നിയമിച്ച ജസ്റ്റിസ് കെ.എസ്.രാധാകൃഷ്ണൻ കമ്മിറ്റി ഇരുചക്ര വാഹനം ഓടിക്കുന്നവരും പിൻസീറ്റ് യാത്രക്കാരും ഹെൽമറ്റ് നിർബന്ധമായും ധരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ കേന്ദ്ര മോട്ടോർ വാഹന ചട്ടം 138 (എഫ്) അനുശാസിക്കുന്ന പ്രകാരം **01-04-2016** മുതൽ കേരളത്തിൽ വിൽക്കുന്ന ഇരുചക്ര വാഹനങ്ങളോടൊപ്പം നിർമ്മാതാക്കൾ ഹെൽമറ്റും വില ഈടാക്കാതെ നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തിയതിന് ശേഷം മാത്രം പ്രസ്തുത വാഹനം രജിസ്റ്റർ ചെയ്തു നൽകിയാൽ മതിയെന്ന് ഇതിനാൽ നിർദ്ദേശം നൽകുന്നു. അപ്രകാരം പ്രവർത്തിക്കാത്ത ഡീലർമാരുടെ ട്രേഡ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. കൂടാതെ വാഹനത്തിനൊപ്പം നമ്പർ പ്ലേറ്റ്, റിയർവ്യൂ മിറർ, സാരി ഗാർഡ്, പിൻസീറ്റ് യാത്രക്കാർക്കുള്ള കൈപ്പിടി എന്നിവ പ്രത്യേക വില ഈടാക്കാതെ വാഹനത്തോടൊപ്പം സൗജന്യമായി നൽകുന്നുണ്ടെന്നും രജിസ്റ്ററിംഗ് അതോറിറ്റികൾ ഉറപ്പു വരുത്തിയതിന് ശേഷം മാത്രം രജിസ്ട്രേഷൻ നടപടികൾ നടത്തിയാൽ മതിയെന്നും നിർദ്ദേശിക്കുന്നു. ടി നിർദ്ദേശങ്ങൾ കർശനമായി നടപ്പിൽ വരുത്തേണ്ടതാണ്.

ഒപ്പ്
ടോമിൻ.ജെ.തച്ചങ്കരി ഐ.പി.എസ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ) (ഇൻ ചാർജ്ജ്)